# സന്ദേശനിലയം

## ചങ്ങനാശ്ശേരി

# വിശ്വാസോത്സവം – 2024

## ശിശു വിഭാഗം

# അദ്ധ്യാപകസഹായി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

ഈ വർഷത്തെ വിശ്വാസോത്സവവിഷയം കുടുംബ കേന്ദ്രീകൃതമാകയാൽ ഓരോ സൺഡേസ്കൂളുകളും അവരുടെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാതാപിതാക്കളും കുട്ടികളും ഒന്നിച്ചു വരുന്ന രീതിയിലുള്ള പരിശീലന പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നത് ഉചിതമായിരിക്കും. (ഉദാ: മാതാപിതാക്കളും മക്കളും ഒന്നിച്ചുള്ള വി. കുർബാന, ക്ലാസുകൾ, കുടുംബ അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ, ക്ലാസ് അടിസ്ഥാനത്തിലുള്ള കുടുംബസമ്മേളനങ്ങൾ, ഇടവകയിലെ ഏറ്റവും സീനിയർ ആയിട്ടുള്ള ദമ്പതികളെ പരിചയപ്പെടുത്തൽ, അവരുടെ പങ്കുവയ്ക്കൽ *etc.*)

വർക്ക്ബുക്കുകളിലെ ചില പ്രവർത്തനങ്ങൾ (ആക്റ്റിവിറ്റി) മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പങ്കാളിത്തം കൂടെ ആവശ്യമുള്ളതാണ്. അവരുടെ സഹകരണത്തോടെ അത് പൂർത്തിയാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകസഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതിഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

മാതാപിതാക്കൾ ഇല്ലാത്തവരും, മാതാപിതാക്കളോടൊപ്പം താമസിക്കാത്തവരുമായ കുട്ടികൾ ക്ലാസുകളിൽ ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകം ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. കുടുംബത്തിലുള്ളവർ ഉൾപ്പെടുന്ന ആക്റ്റിവിറ്റികളിൽ മാതാപിതാക്കൾക്കു പകരമായി അവരെ ഇപ്പോൾ സംരക്ഷിക്കുന്നവരുടെ (Guardians) സഹായം തേടാൻ അത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം

കുടുംബത്തിൽ ആരൊക്കെയാണ് ഉള്ളത് എന്നറിയാനുള്ളതാണ് ഈ ഗെയിം. അതിനായി പത്ത് ബലൂണുകൾ എടുക്കുക. അഞ്ചു ബലൂണുകളിൽ ഓരോന്നിലും അച്ഛൻ, അമ്മ, വല്യച്ഛൻ, വല്യമ്മ, മക്കൾ എന്നും മറ്റ് 5 ബലൂണുകളിൽ ഓരോന്നിലും പൂച്ച, പൂക്കൾ, പക്ഷി, മല, കടുവ എന്ന ക്രമത്തിലും എഴുതി ഓരോ ബലൂണുകളിലും ഇടുക. ശേഷം ഗ്രൂപ്പിൽ നിന്നും 3 കുട്ടികൾ വരാൻ പറയുക. 10 ബലൂണുകളും വീർപ്പിച്ചു പൊട്ടിക്കാൻ ആവശ്യപ്പെടുക. പൊട്ടിക്കുമ്പോൾ ലഭിക്കുന്ന കടലാസിൽ നിന്ന് കുടുംബത്തിൽ ആരൊക്കെയുണ്ടെന്ന് ക്രമത്തിൽ പറയുക.

**ആക്ഷൻ സോങ്ങ്**

നന്മയ്ക്കൊരു പേരുണ്ടത് ഈശോ
നന്മയ്ക്കൊരു നാടുണ്ടത് സ്വർഗം
നന്മയിൽ എന്നും വളർന്നിടാം
നമ്മൾക്ക് നന്മ തൻ സ്വർഗ്ഗത്ത് ചെല്ലാം
നന്മയാം ഈശോയിൽ ചേരാം.
ഓഹോ ഓഹോ
    കുഞ്ഞിളം കൈകളെ കൂപ്പി പിടിച്ചിന്നു
    നന്മയെ നേടാം കൂട്ടരേ
    തിന്മയെ പാടെ വെറുക്കാം
    ഓഹോ ഓഹോ
തിന്മ ഉപേക്ഷിച്ചു നന്മയന്വേഷിച്ച്
നല്ലവരായെന്നും മാറാം കൂട്ടരേ
നന്മയാൽ ലോകം
നിറയ്ക്കാം

## രണ്ടാം ദിവസം

ഫാമിലി ട്രീ നിർമിക്കാം. നിങ്ങളുടെ കുടുംബാംഗങ്ങൾ എല്ലാവരുടെയും ചിത്രങ്ങൾ ഉൾപെടുത്തി ഫാമിലി ട്രീ നിർമിക്കാം.

**ആക്ഷൻ സോങ്ങ്**

ഇരിക്ക് എഴുന്നേക്ക്
നിക്ക് നടക്ക്
ഓട് ചാട് തുള്ളിച്ചാട്

ഈ ആരോഗ്യം മുഴുവൻ
ഈശോയ്ക്കായ് കൊടുക്ക്
അവനായ് മാത്രം ജീവിച്ചീട്
ഹല്ലേലലെ ഹല്ലേലേലെ
ഹല്ലെലെ ഹല്ലേലെ ഹലേലൂയ്യ
ഇടം കൈ ഒന്ന് ടച്ച് വലം കാല്
വലം കൈ ഒന്ന് ടച്ച് ഇടം കാല് (2)
ഒന്ന് സ്ട്രെച്ച് ആയിട്ട്
ഒന്ന് ലിഫ്റ്റ് ആയിട്ട്
ഇടത്തോട്ടും വലത്തോട്ടും
മുന്നോട്ടും പിന്നോട്ടും
ചാടി ചാടി ചാടി ചാടി നിൽക്.

(ഇരിക്ക് എഴുന്നേക്ക്...)

## മൂന്നാം ദിവസം

**അഭിനയിക്കാം പഠിക്കാം**

കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിക്കുക. നിങ്ങളുടെ വീട്ടിലെ സന്ധ്യാപ്രാർത്ഥന എപ്രകാരമെന്ന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ അഭിനയിച്ചു കാണിക്കാം. നന്നായി അവതരിപ്പിക്കുന്ന ഗ്രൂപ്പിന് പോയിന്റ്. കുട്ടികൾ വരുത്തുന്ന തെറ്റുകൾ തിരുത്തി കൊടുക്കാൻ മറക്കല്ലേ.

**പാടാം**

ചിറകൊടിഞ്ഞ കുരുവിക്കൊരു നാളിലൊരു മോഹം (2)
പറക്കണം പറന്നുയരണം പാറി പറന്നു പറന്നു പോകണം (2)
സൃഷ്ടിതാവാം ദൈവത്തോടാ കുരുവി കരഞ്ഞു പ്രാർത്ഥിച്ചു (2)
പറക്കണം പറന്നുയരണം പാറി പറന്നു പറന്നു പോകണം (2)
ദൈവത്തിന് തിരു കരുണയാൽ പുതു ചിറകു കിട്ടി കുരുവിക്ക് (2)
പറക്കുന്നെ പറന്നുയരുന്നെ പാറി പറന്നു പറന്നു പോകുന്നെ (2)

## നാലാം ദിവസം

**സ്തുതിക്കാം**

എന്റെ അമ്മേ എന്റെ ആശ്രയമേ
ഈശോ മറിയം യൗസേപ്പേ

ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു
സകല വിശുദ്ധരെ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ
എന്റെ ഈശോയേ, എന്നെ മുഴുവൻ നിന്റേതാക്കണമേ.
എന്റെ ഈശോയേ, അങ്ങയുടെ സ്നേഹത്തിന്റെ ആഴം എനിക്കു മനസ്സിലാക്കിത്തരണമേ.
ദാവീദിന്റെ പുത്രനായ ഈശോയേ, എന്റെമേൽ കരുണയായിരിക്കണമേ.
എന്റെ കർത്താവേ, എന്റെ ദൈവമേ.
എന്റെ ഈശോയേ, അങ്ങയെ കൂടുതൽ സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.
ഓ! ഈശോയേ, നിന്റെ ലാളിത്യം എനിക്കു തരണമേ.
എന്റെ ഈശോയേ, അലസത കൂടാതെ അദ്ധ്വാനിക്കുവാനുള്ള മനഃസ്ഥിതി എനിക്കു തരണമേ.
ഈശോയേ, ഞാൻ പൂർണ്ണമായും നിന്റേതാണ്.
എന്റെ ഈശോയേ, എന്റെ സ്നേഹമേ.
നിത്യജീവനായ ഈശോയേ, എന്നിൽ കനിയണമേ.
സ്നേഹം തന്നെയായ ദൈവമേ, സ്നേഹിക്കാൻ എന്നെ പഠിപ്പിക്കണമേ.
ദൈവമേ, സകല പാപങ്ങളിൽനിന്നും എന്നെ അകറ്റി നിർത്തണമേ.
ഈശോയേ, എന്നെ കാത്തുകൊള്ളണമേ.
ഈശോയേ, ഞാൻ അങ്ങയിൽ ആശ്രയിക്കുന്നു
ഈശോയേ, അങ്ങേ തിരുരക്തത്താൽ എന്നെ കഴുകണമേ.
ഈശോയേ, അങ്ങയെ ആത്മാർത്ഥമായി സ്നേഹിക്കാൻ എന്നെ പഠിപ്പിക്കണമേ.
ഈശോയേ, അങ്ങേ സ്നേഹത്താൽ എന്നെ നിറയ്ക്കണമേ.
പുല്ക്കൂട്ടിൽ പിറന്ന ഉണ്ണീശോയേ എന്റെ ഹൃദയത്തിൽ വന്നു വസിക്കേണമേ.

**കുളം കര**

2 കസേരകൾ വിലങ്ങനെ ഇട്ടതിനുശേഷം Yes, No എന്ന് എഴുതി വയ്ക്കുക. 2 കസേരയുടെയും നടുവിലൂടെ വരയ്ക്കാം. ശേഷം കുട്ടികളെ പുറകോട്ടു ലൈനാക്കി നിർത്തുക. ബോക്സിൽ നല്കിയിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് ശരിയായ വാക്ക് പറയുമ്പോൾ Yes എന്ന ഭാഗത്തേയ്ക്കും, മോശം കാര്യം പറയുമ്പോൾ No എന്ന ഭാഗത്തേക്കും ചാടാം.

നന്മ
അനുസരണം
ഭക്തി
കുശുമ്പ്
വാശി
വിദ്വേഷം
കാരുണ്യം
വിധേയത്വം

**നമുക്ക് പാടാം**

സ്തുതിച്ചു പാടിടാം, നമിച്ചു വാഴ്ത്തീടാം
പ്രപഞ്ചനാഥൻ തൻ നന്മ എന്നുമെന്നുമേ
എത്ര പാടിയാലും എത്ര ചൊല്ലിയാലും
തീരില്ല തൻ നന്മകൾ
ഓ ലാല ലാല (3)
എൻ ദൈവം അത്യുന്നതൻ
വലത്തു കൈ നീട്ടി ഇടതുകൈ നീട്ടി
അവന്റെ സ്നേഹം എന്നെന്നും
ആർത്തു പാടിടാം
തലയിത് ആട്ടി ആട്ടി
കൈകൾ ചേർത്ത് കൊട്ടി
തൻ സ്നേഹം വർണിച്ചിടാം
ഓ ലാല ലാലാ (3)
എൻ ദൈവം അത്യുന്നതൻ

വലതുകാൽ തട്ടി

ഇടതുകാൽ തട്ടി

അവന്റെ തീരാ കാരുണ്യം ഒത്തു പാടിടാം

കൈവിരൽ ഞൊടിച്

വട്ടം ഒന്നു ചുറ്റി

തൻ ദയ കീർത്തിച്ചിടാം

ഓ ലാലാ ലാലാ (3)

എൻ ദൈവം അത്യുന്നതൻ (2)

## അഞ്ചാം ദിവസം

**ആക്ടിവിറ്റി**

ഒരു ചാർട്ടിലോ തെർമോക്കോളിലോ വിവിധ കളർ പേപ്പറുകളിൽ നമ്മുടെ വീട് സ്വർഗം പോലെ മനോഹരമാക്കാൻ എന്തൊക്കെ കാര്യങ്ങൾ വേണം എന്നുള്ളത് പിൻ ചെയ്ത് തൂക്കുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും നാല് വീതം കുട്ടികളെ വിളിച്ച് അവർക്ക് ഓരോ ബോളും നൽകുന്നു. ബോള് കളർ പേപ്പറിൽ എറിഞ്ഞു കൊള്ളിച്ചാൽ ആ പേപ്പർ അവർക്ക് സ്വന്തമാക്കാം. അത്തരത്തിൽ 6 കളർ പേപ്പറും ആദ്യം സ്വന്തമാക്കുന്ന ഗ്രൂപ്പ് വിജയിക്കുന്നു. (കളർ പേപ്പറിൽ എഴുതേണ്ടവ : സ്നേഹം, പങ്കുവെക്കൽ, പ്രാർത്ഥന, വിശ്വാസം, സഹകരണം, ബഹുമാനം).

**ആക്ഷൻ സോങ്ങ്**

രറ്റ റ്റാരര രറ്റ റ്റാരര രറ്റ റ്റാരരര

രറ്റ്റ റ്റാരര രറ്റ്റ്റാരര രറ്റ്റ്റാരരര

ദൈവരാജ്യത്തിന്റെ പോരാളിയാകുവാൻ

ഒന്നിച്ചു പോണൂ ഞങ്ങൾ (2)

രറ്റ റ്റാരര രറ്റ റ്റാരര രറ്റ റ്റാരരര

രറ്റ്റ റ്റാരര രറ്റ്റ്റാരര രറ്റ്റ്റാരരര

സത്യം കൊണ്ടും നീതി കൊണ്ടും

അരമുറുക്കും ഞങ്ങൾ (2)

രറ്റ റ്റാരര രറ്റ റ്റാരര രറ്റ റ്റാരരര

രറ്റ്റ റ്റാരര രറ്റ്റ്റാരര രറ്റ്റ്റാരരര

വിശ്വാസമാകുന്ന പരിചയേന്തി
ഒരുങ്ങി നിൽക്കും ഞങ്ങൾ (2)
രറ്റ റ്റാരര രറ്റ റ്റാരര രറ്റ റ്റാരരര
രറ്റ്റ റ്റാരര രറ്റ്റ്റ്റാരര രറ്റ്റ്റ്റാരരര

വചനം എന്നൊരു വാളുമെടുത്തു
വിജയം നേടും ഞങ്ങൾ (2)
രറ്റ റ്റാരര രറ്റ റ്റാരര രറ്റ റ്റാരരര
രറ്റ്റ റ്റാരര രറ്റ്റ്റ്റാരര രറ്റ്റ്റ്റാരരര

ദൈവരാജ്യത്തിന്റ കാവൽക്കാരായെന്നും
ഞങ്ങൾ വളർന്നിടുമേ (2)
രറ്റ റ്റാരര രറ്റ റ്റാരര രറ്റ റ്റാരരര
രറ്റ്റ റ്റാരര രറ്റ്റ്റ്റാരര രറ്റ്റ്റ്റാരരര

## ആറാം ദിവസം

**ആക്ടിവിറ്റി**

ഓരോ ഗ്രൂപ്പിൽ നിന്നും രണ്ടു കുട്ടികളെ വീതം വിളിക്കുന്നു. ഓരോ ഗ്രൂപ്പിനും പല വലുപ്പത്തിലായി കട്ട് ചെയ്ത ഒരു പള്ളിയുടെ കട്ടിങ്സ് നൽകുന്നു. അവർ ചേർത്തുവച്ച് പള്ളിയുടെ ചിത്രം പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുന്നു. ശേഷം കട്ടിങ്സിന്റെ വലുപ്പത്തിന്റെ ക്രമത്തിൽ അതിൽ എഴുതിയിരിക്കുന്ന അക്ഷരങ്ങൾ ചേർത്തുകിട്ടുന്ന വാചകം ഉറക്കെ വായിക്കാൻ പറയുന്നു. **'ഇടവകയിൽ നാം ഒരു കുടുംബം'.**

## Action song

Every move I make, I make in you
You make me move, Jesus
Every breath I take I breath in you

Every step I take, I take in you
You are my way Jesus
Every breath I take I breath in you
Waves of mercy Waves of grace

Everywhere I look I see your face
Your love has captured me
Oh my God, this love, how can it be?

Na, Na Na Na Na Na Na
Na Na Na, Na Na Na Na Na Na

## ഏഴാം ദിവസം

നമ്മുടെ അതിരൂപതയുടെ പിതാവും മേലധ്യക്ഷനും ആരാണെന്ന് കണ്ടെത്താനുള്ള ആക്ടിവിറ്റി ആണിത് അതിനായി 9 പേപ്പർ ഗ്ലാസ് എടുക്കുക. ഓരോ ഗ്ലാസിന്റെ പുറത്തും ഓരോ അക്ഷരം വീതം മാർ ജോസഫ് പെരുന്തോട്ടം എന്ന് എഴുതുക. അത് ക്രമരഹിതമായി വച്ച് കുട്ടികൾക്ക് നൽകുക അത് ക്രമമാക്കി വയ്ക്കുന്നവർ വിജയിക്കും.

My life is in You, Lord,
My strength is in You, Lord
My hope is in You, Lord
In You, it's in You.

I will praise You with all of my heart.
I will praise You with all of my Strength
With all of my life, and all of my strength.
All of my hope is in You.

My life is in You, Lord,
My strength is in You, Lord
My hope is in You, Lord
In You, it's in You.

## എട്ടാം ദിവസം

**കൊളാഷ്**

ഓരോ ഗ്രൂപ്പിലും കുട്ടികൾ തങ്ങളുടെ മാമ്മോദീസ ചിത്രങ്ങൾ ശേഖരിച്ചു കൊളാഷ് നിർമ്മിക്കുക.

**നമുക്ക് പാടാം**

കുഞ്ഞിക്കൈകൾ തട്ടിത്തട്ടി

ഈശോയ്ക്കായി പാടാം
കുഞ്ഞിക്കാലുകൾ തുള്ളിത്തുള്ളി
അവന്റെ പിമ്പേ പോകാം

പേടി ഒട്ടും വേണ്ട
കൂടെ ഈശോ ഉണ്ട്
തിത്തെ തിത്തൈ പാടി പാടി
അവന്റെ പിമ്പേ പോകാം (2)



**സന്ദേശനിലയം**
**ചങ്ങനാശ്ശേരി**